**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **26-07-2021 - ൽ മറുപടിയ്ക്ക്**

**ജലമാർഗ്ഗേന ചരക്കുഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ്** | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് മുഖാന്തരമുള്ള ചരക്കുഗതാഗതത്തേക്കാൾ ലാഭകരമായ ജലമാർഗ്ഗേനയുള്ള ചരക്കുഗതാഗതത്തിന് വേണ്ടത്ര പ്രാധാന്യം നൽകാത്തതിന്റെ കാരണം അറിയിക്കുമോ; ജലമാർഗ്ഗത്തിലൂടെയുള്ള ചരക്ക് ഗതാഗതം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എ) | റോഡ് മുഖാന്തിരമുള്ള ചരക്ക് ഗതാഗതത്തെക്കാൾ ലാഭകരമായ ജലമാർഗേനയുള്ള ചരക്ക് ഗതാഗതത്തിന് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായിട്ടാണ് തീരദേശ കപ്പൽ ചരക്ക് ഗതാഗത പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ജലമാർഗ്ഗത്തിലൂടെയുള്ള ചരക്ക് ഗതാഗതം കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1) പ്രധാന ചെറുകിട തുറമുഖങ്ങളായ അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ കണ്ടെയ്നർ സർവ്വീസ് നടത്തുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിയിട്ടുണ്ട്. 2) കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കപ്പൽ ഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഈ സർവ്വീസ് കൊല്ലം തുറമുഖത്തേക്ക് നീട്ടുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 3) തൂത്തുക്കുടി തുറമുഖവുമായി ബന്ധപ്പെടുത്തി ചരക്കുഗതാഗതം ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. 4) കൊല്ലം തുറമുഖത്ത് തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി KMML, FCI, Cashew Board, Tiles & Sanitaryware Dealers Association ഭാരവാഹികൾ, വിവിധ ഷിപ്പിംഗ് കമ്പനികൾ തുടങ്ങിയവരുമായി ഉന്നതതല ചർച്ച നടന്നുവരുന്നു. 5) തീരദേശ കപ്പൽ ഗതാഗതം പ്രോൽസാഹിപ്പി ക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കാർഗോ, പാസഞ്ചർ എന്നിവ പരിഗണിച്ച് ഇൻസെന്റീവ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ